**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2106** **11.02.2020 -ൽ മറുപടിക്ക്**

**എസ്.എം.എ.പി. ചികിത്സാ സഹായ പദ്ധതി**

**ചോദ്യം** **മറുപടി**

**ശ്രീ.എം. നൗഷാദ്** **കെ.കെ. ശൈലജ ടീച്ചർ**

(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ആരോഗ്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ (എസ്.എം.എ.പി.) മുഖാന്തിരം ചികിത്സാ സഹായത്തിനായുള്ള അപേക്ഷകൾ കെട്ടിക്കിടക്കുകയാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ കൈക്കൊണ്ട നടപടികൾ വിശദീകരിക്കാമോ; | (എ) & (ബി) | എസ്.എം.എ.പി. ൽ 2019 ഡിസംബർ വരെ ലഭ്യമായ അപേക്ഷകളിൽ എല്ലാ അനുബന്ധരേഖകളോടും കൂടിയ 337 അപേക്ഷകളാണ് ഇനി തീർപ്പ കൽപ്പിക്കാൻ ഉള്ളത് കൂടാതെ 177 അപേക്ഷകളിൽ തുക അനുവദിച്ചിട്ടുണ്ടെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ അപേക്ഷകർക്കു തുക നൽകാൻ സാധിച്ചിട്ടില്ല. |
| (ബി) | നിലവിൽ എസ്.എം.എ.പി.മുഖാന്തിരം എത്ര അപേക്ഷയാണ് തീർപ്പ് കാത്ത് കിടക്കുന്നത് എന്ന് വ്യക്തമാക്കാമോ; | | |
| (സി) | ടി അപേക്ഷകളിന്മേൽ തീരുമാനമെടുക്കാനുള്ള തടസ്സങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്താമോ; | (സി) | 2019-20 സാമ്പത്തിക വർഷത്തിൽ 5.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 3,50,00,053/- രൂപ ( മൂന്ന് കോടി അൻപത് ലക്ഷത്തി അൻപത്തി മൂന്ന് രൂപ) രോഗികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. നിലവിൽ 514 അപേക്ഷകൾ തീർപ്പ കൽപ്പിക്കാനുണ്ട്. ആയത് പരിശോധിച്ച വരുന്നു. |
| (ഡി) | എസ്.എം.എ.പി. യിൽ നിന്ന് സാമ്പത്തിക സഹായം അനുവദിക്കുന്നതിന് നിലവിൽ അംഗീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കുമോ? | (ഡി) | മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

സർക്കാരിൽ നിന്നും ലഭിച്ച ആനുകൂല്യങ്ങൾക്കു പുറമേ ചികിത്സയ്ക്ക് രോഗിയുടെ കൈയിൽ നിന്നും ചെലവാകുന്ന അധിക തുക ചികിത്സിക്കുന്ന ഡോക്ടർ സാക്ഷ്യപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ പരമാവധി 50,000/- **രൂപ (അമ്പതിനായിരം രൂപാ മാത്രം)** വരെ ലഭിക്കാൻ രോഗിക്ക് അർഹതയുണ്ടായിരിക്കും.

ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷാ ഫാറം പരിഷ്ക്കരിച്ചിട്ടുണ്ട്. അതിന്റെ മാതൃക **www.dhs.kerala.gov.in** എന്ന വെബ്സൈറ്റിൽ **SMAP** എന്ന ലിങ്കിൽ ലഭ്യമാണ്.

**അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതായ രേഖകൾ**

1. ബന്ധപ്പെട്ട വില്ലേജ് ഓഫീസറുടെ പക്കൽ നിന്നും ലഭിക്കുന്ന വരുമാന സർട്ടിഫിക്കറ്റ്.
2. രോഗിയുടെ ആധാർ കാർഡിന്റെയോ വോട്ടേഴ്സ് ഐഡന്റിറ്റി കാർഡിന്റെയോ പകർപ്പ്.
3. ബാങ്ക് പാസ്ബുക്കിന്റെ മുൻ പേജിന്റെ പകർപ്പ് (Phone Number, IFSC Code, Account Number, Branch Name)

നിർദ്ദേശാനുസരണം സമർപ്പിക്കുന്ന അപേക്ഷ അർഹതയുള്ളതാണെന്ന് കണ്ടാൽ ചികിത്സാ ധന സഹായം അനുവദിച്ച് തുക രോഗിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്നതാണ്.

**അപേക്ഷ സമർപ്പിച്ചതിനു ശേഷം രോഗി മരണപ്പെട്ടാൽ അനന്തരാവകാശിക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ**

ചികിത്സാ ധനസഹായത്തിന് അപേക്ഷ സമർപ്പിച്ച ശേഷം തുകയനുവദിക്കപ്പെടുന്നതിനു മുമ്പ് രോഗി മരണപ്പെട്ടാൽ അർഹതയുടെ അടിസ്ഥാനത്തിൽ രോഗിയുടെ അനന്തരാവകാശിക്ക് പ്രസ്തുത തുക അനുവദിച്ചു കൊടുക്കുന്നതാണ്.

ഇപ്രകാരം തുക അനുവദിക്കുന്നതിനായി മരണപ്പെട്ടയാളുടെ അനന്തരാവകാശി സൊസൈറ്റിയുടെ മെമ്പർ സെക്രട്ടറിക്ക് വെള്ളക്കടലാസ്സിൽ അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. താഴെ പറയുന്ന രേഖകൾ സഹിതമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്.

1. രോഗിയുടെ മരണ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
2. തഹസീൽദാർ നൽകുന്ന നിയമാനുസൃത അനന്തരാവകാശ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

പക്ഷാഘാത (stroke) ചികിത്സയ്ക്കുവേണ്ടി ചുവടെ പറയുന്ന 17 ആയുർവേദ ചികിത്സാ സ്ഥാപനങ്ങളെയും കൂടി സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പൂവർ പദ്ധതിയിൽ ഉൾപ്പെടുത്തി ചികിത്സാ ധനസഹായമനുവദിക്കാൻ 08/01/2016 ൽ സർക്കാർ ഉത്തരവായിട്ടുണ്ട്.

1. ആയുർവേദ മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം
2. ആയുർവേദ മെഡിക്കൽ കോളേജ് ആശുപത്രി, തൃപ്പൂണിത്തുറ, എറണാകുളം
3. ആയുർവേദ മെഡിക്കൽ കോളേജ് ആശുപത്രി, കണ്ണൂർ
4. ജില്ലാ ആയുർവേദ ആശുപത്രി, തിരുവനന്തപുരം
5. ജില്ലാ ആയുർവേദ ആശുപത്രി, കൊല്ലം
6. ജില്ലാ ആയുർവേദ ആശുപത്രി, ആലപ്പുഴ
7. ജില്ലാ ആയുർവേദ ആശുപത്രി,പത്തനംതിട്ട
8. ജില്ലാ ആയുർവേദ ആശുപത്രി, കോട്ടയം
9. ജില്ലാ ആയുർവേദ ആശുപത്രി, ഇടുക്കി
10. ജില്ലാ ആയുർവേദ ആശുപത്രി, എറണാകുളം
11. ജില്ലാ ആയുർവേദ ആശുപത്രി, തൃശ്ശൂർ
12. ജില്ലാ ആയുർവേദ ആശുപത്രി, മലപ്പുറം
13. ജില്ലാ ആയുർവേദ ആശുപത്രി,പാലക്കാട്
14. ജില്ലാ ആയുർവേദ ആശുപത്രി, കോഴിക്കോട്
15. ജില്ലാ ആയുർവേദ ആശുപത്രി, കണ്ണൂർ
16. ജില്ലാ ആയുർവേദ ആശുപത്രി, വയനാട്
17. ജില്ലാ ആയുർവേദ ആശുപത്രി, കാസർഗോഡ്

സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പൂവർ പദ്ധതിയിലൂടെ ചികിത്സാ ധനസഹായം നൽകുന്നതിന് അംഗീകരിച്ചിരുന്ന ചികിത്സകളും ശസ്ത്രക്രിയകളും ചുവടെ ചേർക്കുന്നു.

1. മസ്തിഷ്ക്ക ശസ്ത്രക്രിയ
2. ഹൃദയം തുറന്നുള്ള ശസ്ത്രക്രിയ
3. വൃക്ക മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ
4. കരൾ മാറ്റി വെയ്ക്കൽ ശസ്ത്രക്രിയ
5. പേസ് മേക്കർ സ്ഥാപിക്കൽ
6. ആഞ്ജിയോ പ്ലാസ്റ്റി
7. കാൻസർ (ശസ്ത്രക്രിയ, കീമോതെറാപ്പി, റേഡിയേഷൻ)
8. ഡയാലിസിസ്
9. ട്യൂമർ റിമൂവൽ
10. അസ്ഥിസംബന്ധമായ ശസ്ത്രക്രിയകൾ
    റിസക്ഷനും പ്രൊസ്തസിസും
    ലംബാർ തൊറാസിക്ക് വെർട്ടിബ്രൽ അസ്ഥികളിലെ ട്യൂമർ
    കാൽമുട്ടു മാറ്റിവെയ്ക്കൽ
11. സിക്കിൾ സെൽ അനീമിയ

സൊസൈറ്റിയുടെ ചികിത്സാ ധനസഹായ പദ്ധതിയിൽ 08/01/2016 ലെ സർക്കാർ ഉത്തരവ് പ്രകാരം പുതിയതായി ഉൾപ്പെടുത്തിയ ചികിത്സകൾ ചുവടെ പറയുന്നു.

1. ഗില്ലൻബാരി സിൻഡ്രോം
2. ഹിപ്പ് റീപ്ലേസ്മെന്റ് സർജറി
3. ഹിസ്റ്ററക്ടമി
4. വന്ധ്യതാചികിത്സ
5. ക്രോണിക് ലിവർ ഡിസീസ്

സെക്ഷൻ ഓഫീസർ